പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 128

26.09.2011 ൽ മറുപടിയ്ക്ക്

## ചെമ്പഴന്തി എസ്.എൻ. കോളേജിൽ വിദ്യാർത്ഥികൾക്കു നേരെ പോലീസ് ആക്രമണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം ചെമ്പഴന്തി എസ്.എൻ. കോളേജിൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ വിദ്യാർത്ഥികൾക്ക് നേരെ പോലീസ് ആക്രമണം നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | തിരുവനന്തപുരം ചെമ്പഴന്തി എസ്.എൻ. കോളേജിൽ വിദ്യാർത്ഥികൾക്കു നേരെ പോലീസ് അക്രമം നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) പോലീസ് വിഭാഗത്തിന് കോളേജിൽ പ്രവേശിക്കുന്നതിന് പ്രിൻസിപ്പലിന്റെ അനുവാദം ഉണ്ടായിരുന്നുവോ ; | (ബി) | ഇരുവിഭാഗം വിദ്യാർത്ഥികൾ തമ്മിൽ കോളേജിൽ അക്രമം നടത്തുന്നതായി കോളേജ് പ്രിൻസിപ്പൽ ടെലിഫോൺ മുഖാന്തിരം അറിയിച്ചതനുസരിച്ചാണ് പോലീസ് പ്രവേശിച്ചത്. |
| (സി) പോലീസ് മർദ്ദനത്തിലും കെ.എസ്.യു. ആക്രമണത്തിലും എത്ര വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റുകയുണ്ടായി; എത്രപേർ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടു ; സംഭവവുമായി ബന്ധപ്പെട്ട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ എത്ര കെ. എസ്. യു. പ്രവർത്തകർ പ്രതികളാണ് ? | (സി) | പോലീസ് മർദ്ദനം നടത്തിയിട്ടില്ല. എസ്.എഫ്.ഐ., കെ.എസ്.യു. വിഭാഗക്കാർ തമ്മിലുള്ള അക്രമത്തിൽ പരിക്കുപറ്റി 5 വിദ്യാർത്ഥികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5 കെ.എസ്.യു.ക്കാരും 9 എസ്.എഫ്.ഐ.ക്കാരും പ്രതികളാണ്. |

സെക്ഷൻ ഓഫീസർ